12-ാം ധനകാര്യ കമ്മീഷന് സമർപ്പിച്ച നിവേദനം

18 [1594] ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. പി. മോഹനൻ:
ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 12-ാം ധനകാര്യ കമ്മീഷന് മുമ്പിൽ കേരള ഗവൺമെന്റ് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ കേരളത്തിന്റെ കടബാദ്ധ്യത എഴുതിത്തള്ളാൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) കടക്കെണിയിലായ കൃഷിക്കാരുടെ ആത്മഹത്യകൾ കണക്കിലെടുത്ത് ഗവൺമെന്റ് നടപ്പാക്കുമെന്ന് പറഞ്ഞ പ്രത്യേക പാക്കേജിന്റെ ഉള്ളടക്കമെന്താണെന്ന് വിശദീകരിക്കാമോ;

(സി) ആത്മഹത്യ ചെയ്ത കൃഷിക്കാരന്റെ കുടുംബങ്ങൾക്ക് അഞ്ചു ലക്ഷം രൂപയെങ്കിലും ആശ്വാസമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വരൾച്ച, പ്രകൃതിക്ഷോഭം എന്നിവ മൂലമുള്ള കൃഷിനാശം കൊണ്ട് കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ പല നടപടികളും സർക്കാർ സ്വീകരിക്കുന്നുണ്ട്. 2002 ഫെബ്രുവരിയിൽ 95 കോടി രൂപയുടെ ഒരു സ്പെഷ്യൽ പാക്കേജ് പദ്ധതി ഇതിനായി പ്രഖ്യാപിക്കുകയും, നടപ്പാക്കിവരികയുമാണ്. വരൾച്ച മൂലം കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. കർഷകർ എടുത്ത ഹ്രസ്വകാല വായ്പകൾ മദ്ധ്യകാല വായ്പകളാക്കുകയും ദീർഘകാല വായ്പകളുടെ അടയ്ക്കാനുള്ള കാലാവധി ഒരു വർഷംകൂടി ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ കടം ലഭ്യമാക്കുന്നതിനും പലിശ കുറച്ചുകിട്ടുന്നതിനും വേണ്ടി ദേശവൽകൃത ബാങ്കുകളുമായും നബാർഡുമായും കൂടിയാലോചനകൾ നടത്തുകയുണ്ടായി. അതിൽ അനുകൂല തീരുമാനം പ്രതീക്ഷിക്കുന്നു. കാർഷിക വായ്പകൾക്ക് 23-1-2004 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. മോറട്ടോറിയം കാലാവധിയിൽ പലിശയും പിഴപ്പലിശയും ഈടാക്കുന്നതിൽ ഇളവനുവദിച്ചിട്ടുണ്ട്. അതിനുപുറമേ പ്രസ്തുത കാലാവധിക്കുശേഷം വായ്പത്തുക യുക്തിസഹമായ രീതിയിൽ റീഷെഡ്യൂൾ ചെയ്യുന്നതുമാണ്. വിളവെടുപ്പുകാലത്ത് മാർക്കറ്റ് ഇടപെടലിലൂടെ വില താഴാതിരിക്കാനുള്ള നടപടികളും നടത്തുന്നുണ്ട്. ഇത്തരത്തിലുള്ള ആശ്വാസ, മുൻകരുതൽ നടപടികളുടെയും കൂടി അടിസ്ഥാനത്തിൽ ഒട്ടുമിക്ക കാർഷിക, തോട്ടം ഉൽപ്പന്നങ്ങളുടേയും വില ഈ ഗവൺമെന്റ് വന്നശേഷം വളരെ മെച്ചപ്പെട്ടിട്ടുണ്ട്. ഇനിയും ഈ മേഖലയിൽ പ്രായോഗികമായ കൂടുതൽ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(സി) കൂടുതൽ സഹായം നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly